# Malayala Manorama
# 24 August 2018
# New Delhi; Center Provide 50 Doctors ,
# Kerela Says NO

## കൊച്ചി നാവികസേനാ വിമാനത്താവളത്തിൽനിന്ന് ഇന്നത്തെ സർവീസുകൾ



**എയർ ഇന്ത്യ**

ബെംഗളൂരു - കൊച്ചി (7.30, 11.40)
കൊച്ചി - ബെംഗളൂരു (9.40, 1.50)
ചെന്നൈ - തിരുച്ചി (9.20)
തിരുച്ചി - കൊച്ചി (10.45)
കൊച്ചി - ചെന്നൈ (12.45)
ഹൈദരാബാദ് - കൊച്ചി (രാവിലെ 5.35)
കൊച്ചി - ഹൈദരാബാദ് (8.45)
ബെംഗളൂരു - കോയമ്പത്തൂർ (2.10)
കോയമ്പത്തൂർ - കൊച്ചി (3.40)
കൊച്ചി -കോയമ്പത്തൂർ (വൈകിട്ട് 5.15)
കോയമ്പത്തൂർ - കൊച്ചി (6.30)

**ഇൻഡിഗോ**

ബെംഗളൂരു - കൊച്ചി (5.00, 9.35)
കൊച്ചി - ബെംഗളൂരു (7.20)
കൊച്ചി - ചെന്നൈ (12.15, 4.15)
ചെന്നൈ - കൊച്ചി (1.55)

## 50 ഡോക്ടർമാരെ തരാമെന്ന് കേന്ദ്രം

# വേണ്ടെന്ന് കേരളം

■ പകർച്ചവ്യാധി നിയന്ത്രണത്തിന് ശേഷിയുണ്ടെന്ന് സംസ്ഥാന ആരോഗ്യവകുപ്പ്

**മനോരമ ലേഖകൻ**

ന്യൂഡൽഹി ● കേരളത്തിലെ പ്രളയബാധിത മേഖലകളിൽ പ്രവർത്തിക്കാൻ കേന്ദ്രത്തിൽ നിന്ന് ഇപ്പോൾ മെഡിക്കൽ സംഘം വേണ്ടെന്ന സംസ്ഥാന സർക്കാർ നിലപാടു തിരിച്ചടിയായേക്കും. 50 ഡോക്ടർമാരുൾപ്പെടെ 86 പേരുടെ സംഘത്തെയാണ് ഏതാനും ദിവസമായി കേന്ദ്രം തയാറാക്കി നിർത്തിയിട്ടുള്ളത്.

പകർച്ചവ്യാധികൾ തടയുന്നതുൾപ്പെടെയുള്ള നടപടികൾക്കു കേന്ദ്ര സംഘത്തിന്റെ സാന്നിധ്യം ഗുണകരമാകുമെന്നാണു കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ വിലയിരുത്തൽ. എന്നാൽ, തങ്ങൾക്കു കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളേയുള്ളു എന്ന നിലപാടാണു കേരളം സ്വീകരിച്ചിട്ടുള്ളത്. അത്തരത്തിലൊരു സമീപനത്തിന്റെ കാരണം വ്യക്തമല്ലെന്നും കേരളം ആവശ്യപ്പെട്ടതും അല്ലാത്തതുമായി സംസ്ഥാനത്ത് ആവശ്യമായ മരുന്നുകളും രോഗാണു നശീകരണ ഗുളികകളും പൊടിയും ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രാലയ വൃത്തങ്ങൾ പറഞ്ഞു.

ഇരുപതു സ്പെഷലിസ്റ്റുകളുൾപ്പെടെ 50 ഡോക്ടർമാരുടെ സംഘത്തെയാണ് കേന്ദ്രം തയാറാക്കിയിട്ടുള്ളത്. ഒപ്പം, 12 ജില്ലകൾക്കായി പൊതുജനാരോഗ്യ വിദഗ്ധൻ, മൈക്രോബയോളജിസ്റ്റ്, എൻഡമോളജിസ്റ്റ് എന്നിങ്ങനെ മൂന്നു പേർ വീതമുള്ള സംഘത്തെയും തയാറാക്കിയിട്ടുണ്ട്. പ്രളയബാധിത മേഖലയിലുള്ളവർക്ക് ഉണ്ടാകാവുന്ന മാനസിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നടപടികൾക്കായി 14 പേരുടെ സംഘത്തെ ബെംഗളൂരു നിംഹാൻസിൽനിന്നു ലഭ്യമാക്കിയിട്ടുണ്ട്.



ജലത്തിൽനിന്നും പ്രാണികളിൽനിന്നും മൃഗങ്ങളിൽനിന്നും പകരാവുന്ന രോഗങ്ങൾക്കു വലിയ തോതിലുള്ള സാധ്യതയാണു കേരളത്തിലുള്ളതെന്നും അതു സംസ്ഥാനത്തെ സംവിധാനത്തിലൂടെ മാത്രം കൈകാര്യം ചെയ്യുക എളുപ്പമാവില്ലെന്നുമാണു കേന്ദ്രത്തിന്റെ വിലയിരുത്തൽ.

സംസ്ഥാന ആരോഗ്യ വകുപ്പിന്റേത് അമിത ആത്മവിശ്വാസമാണെന്നും പകർച്ചവ്യാധി ഉണ്ടായിക്കഴിഞ്ഞു നിയന്ത്രിക്കാൻ ശ്രമിക്കുന്നതിനേക്കാൾ പ്രതിരോധ നടപടികൾക്കാണ് ഊന്നൽ വേണ്ടതെന്നും മന്ത്രാലയ വൃത്തങ്ങൾ പറഞ്ഞു.